"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ്-വിഴിഞ്ഞം പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് പുനർഗേഹം പദ്ധതിയുടേയും പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെയും ഭൂമി വില നിശ്ചയിക്കുന്ന കമ്മിറ്റിയുടെയും കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

മത്സ്യബന്ധന തുറമുഖ(എ)വകുപ്പ്

സ.ഉ.(സാധാ) നം.197/2025/F&P തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:-
1. 22.07.2017-ലെ സ.ഉ.(കൈ)നം.16/2017/മ.തുവ നമ്പർ ഉത്തരവ്
2. 26.12.2019-ലെ സ.ഉ(സാധാ)നം.1009/2019/മ.തു.വ നമ്പർ ഉത്തരവ്
3. 05/05/2023-ലെ സ.ഉ.(സാധാ)നം.356/2023/മ.തു.വ നമ്പർ ഉത്തരവ്
4. ഫിഷറീസ് ഡയറക്ടറുടെ 05/12/2024-ലെ DFTVM/3047/2024-S3PIU നമ്പർ കത്ത്

<u>ഉത്തരവ്</u>

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട വിഴിഞ്ഞം പുനരധിവാസ/സമഗ്രവികസന പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുന്നതിലേയ്ക്കായി ഫിഷറിസ് വകുപ്പിന് കീഴിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപികരിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ മൂന്ന് വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നതിനും തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നിർവഹണ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. നിലവിൽ പുനർഗേഹം പദ്ധതിയുടേയും, പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിവില നിശ്ചയിക്കുന്ന കമ്മിറ്റിയുടെയും പദ്ധതി നിർവഹണ യൂണിറ്റിന്റെയും കാലാവധി പരാമർശം (3) ഉത്തരവ് പ്രകാരം 01.04.2023 മുതൽ രണ്ട് വർഷത്തേയ്ക്ക് ദീർഘിപ്പിച്ച നൽകി ഉത്തരവായിരുന്നു.

3. പുനർഗേഹം പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നത് പൂർത്തീകരിയ്ക്കുന്നതിനും, പദ്ധതി പ്രകാരം നിർമ്മാണം ആരംഭിയ്ക്കുന്ന ഫ്ലാറ്റുകളുടെ പൂർത്തീകരണം എന്നിവയും ഇനിയും നടപ്പാക്കേണ്ടതുള്ളതിനാൽ നിർവ്വഹണ ചുമതലയുള്ള പദ്ധതി നിർവഹണ യൂണിറ്റിന്റെയും, പുനർഗേഹം പദ്ധതിയുടെയും,

പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി വില നിശ്ചയിയ്ക്കുന്ന കമ്മിറ്റിയുടേയും കാലാവധി 01.04.2025 മുതൽ രണ്ട് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ സർക്കാറിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം പുനരധിവാസ പദ്ധതിയുടേയും പുനർഗേഹം പദ്ധതിയുടേയും ഫലപ്രദമായ പൂർത്തികരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ നിർവഹണ ഏകോപന ചുമതലയുള്ള പദ്ധതി നിർവ്വഹണ യൂണിറ്റിന്റെയും പുനർഗേഹം പദ്ധതിയുടേയും പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി വില നിശ്ചയിക്കുന്ന കമ്മിറ്റിയുടെയും കാലാവധി 01.04.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൾ നാസർ ബി ഐ എ എസ്**
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മത്സ്യബന്ധന (സി) വകുപ്പ്
ധനകാര്യ വകുപ്പ്(10.03.2025-ലെ 2400141/WCD-2/24/2025-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ശേഖരം,ഓഫീസ് പകർപ്പ്.

Signed by
ഉത്തരവിൻ പ്രകാരം
R. Narendra Varma
Date: 18-03-2025 17:21:16
സെക്ഷൻ ഓഫീസർ